(ബി) ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയോ;

(സി) എങ്കിൽ എത്ര രൂപയുടെ കെട്ടിടത്തിനാണ് ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഉപ്പള ഫയർ സ്റ്റേഷന് വേണ്ടി കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ശുപാർശ 22788/എഫ്2/05/ആഭ്യന്തരം നമ്പർ പ്രകാരം ലായി പരിശോധിച്ച് വരികയാണ്. പ്രസ്തുത ഭരണാനുമതി ലഭ്യമായി, വർക്ക് ടെണ്ടർ ചെയ്ത് പണി പൂർത്തിയാകുകയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകുകയും ചെയ്യുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യാവുന്നതാണ്.

(സി) 43 ലക്ഷം രൂപയുടെ നിർദ്ദേശമാണ് പരിശോധിച്ചുവരുന്നത്.

കൊച്ചി ബയോടെക്നോളജി പാർക്ക്

153 [121] *ശ്രീ. പി. ടി. തോമസ്:*
,, *വി. ഡി. സതീശൻ:*
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോടെക്നോളജി പാർക്കിന്റെ വിസ്തൃതിയെത്രയാണ്;

(ബി) പ്രസ്തുത പാർക്കിൽ സ്ഥലസൗകര്യം ആവശ്യപ്പെട്ടുകൊണ്ട് എത്ര വിദേശ സ്ഥാപനങ്ങളും, ഇൻഡ്യയ്ക്കകത്തുള്ള സ്ഥാപനങ്ങളും സമീപിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥാപനങ്ങൾ എന്തുതുക വീതം നിക്ഷേപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഏകദേശം 50 ഏക്കർ സ്ഥലത്താണ് ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നത്.

(ബി) പ്രസ്തുത പാർക്കിൽ സ്ഥലസൗകര്യം ആവശ്യപ്പെട്ടുകൊണ്ട് 5 വിദേശ സ്ഥാപനങ്ങളും ഇന്ത്യയ്ക്കകത്തുനിന്ന് 3 സ്ഥാപനങ്ങളും സമീപിച്ചിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ നിക്ഷേപത്തെക്കുറിച്ചുള്ള വിവരങ്ങൾ അവർ ഇപ്പോൾ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly